Title of the Activity: Covid Buster (UNNAT BHARAT ABHIYAN)

Need of the Activity: We use the procedure to test the body temperature of **the** students/ people as a screening test for COVID- 19. One method to measure a person's surface temperature is the use of "no-touch" or non-contact temperature assessment devices.

Brief Description (Need/Impact/Action/Picture (if any)):

We developed a low cost IoT based device to measure the temperature and record the same in the cloud. This can be installed in the schools/ hospitals in the villages to avoid direct human intervention from the temperature screening process.

തെർമൽ സ്കാനിംഗ് എളുപ്പത്തിലാക്കാൻ കോവിഡ് ബ്ലസ്റ്റർ

കോവിഡ് പ്രതിരോധരംഗത്ത് വീണ്ടും വിമൽജ്യോതിയുടെ സംഭാവന

കോവിഡ് ബസ്റ്റർ എന്ന് പേരിട്ടിരിക്കുന്ന ഈ ഉപകരണം ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് ആളുകളെ തിരിച്ചറിഞ്ഞ് താപനില രേഖപ്പെടുത്തും.

വിമൽജ്യോതി എൻജിനിയറിംഗ് കോളജ് വിദ്യാർഥികൾ വികസിപ്പിച്ചെടുത്ത കോവിഡ് ബ്ലസ്റ്റർ ഉപകരണത്തിന്റെ ഉദ്ഘാടനം വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആർഡ് റിസർച്ച് ചെയർമാനും തലശേരി അതിരൂപത സഹായമെത്രാനുമായ മാർ ജോസഫ് പാംപ്ലാനി നിർവഹിക്കുന്നു.

ചെമ്പേരി: കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി നടത്തുന്ന തെർമൽ സ്കാനിംഗ് സംവിധാനം എളുപ്പത്തിൽ നടത്താൻ കഴിയുന്ന ഓട്ടോമാറ്റിക് ഉപകരണം നിർമിച്ച് വിമൽജ്യോതിയിലെ വിദ്യാർഥികൾ. കോവിഡ് ബസ്റ്റർ എന്ന് പേരിട്ടിരിക്കുന്ന ഈ ഉപകരണം ക്യൂ ആർ കോഡ് സ്കാൻ ചെയ്ത് ആളുകളെ തിരിച്ചറിഞ്ഞ് താപനില രേഖപ്പെടുത്തും. ഒരുദിവസത്തെ മുഴുവൻ രജിസ്ട്രേഷനും അന്നുതന്നെ റിപ്പോർട്ടായി നൽകുകയും ചെയ്യുന്ന നൂതന സംവിധാനവും ഇതിന്റെ പ്രത്യേകതയാണ്. സ്കൂളുകൾ, കോളജുകൾ, സൂപ്പർമാർക്കറ്റുകൾ, ആശുപത്രികൾ, ബാങ്കുകൾ, എന്നിങ്ങനെ ഒട്ടനവധി ആളുകൾ എത്തിച്ചേരുന്ന സ്ഥലങ്ങളിൽ കോവിഡ് ബസ്റ്റർ ഏറെ ഗുണകരമായിമാറും.

വിമൽജ്യോതി എൻജിനിയറിംഗ് കോളജിൽ സ്ഥാപിച്ച കോവിഡ് ബസ്റ്ററിന്റെ ഉദ്ഘാടനം തലശേരി അതിരൂപത സഹായമെത്രാനും വിമൽജ്യോതി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആർഡ് റിസർച്ച് ചെയർമാനുമായ മാർ ജോസഫ് പാംപ്ലാനി ഉദ്ഘാടനം ചെയ്തു. കംപ്യൂട്ടർ സയൻസ് വിദ്യാർഥികളായ ആരോമൽ ജോസഫ്, ജോസുകുട്ടി ജോർജ്, ആഷ്ലി രഞ്ജിത്ത്, ഇൻസ്ട്രുമെന്റേഷൻ വിദ്യാർഥി റോബിൻ ജോസ് എന്നവർ ചേർന്നാണ് കോവിഡ് ബസ്റ്റർ വികസിപ്പിച്ചെടുത്തത്. കംപ്യൂട്ടർ സയൻസ് വിഭാഗത്തിനുകീഴിൽ പ്രവർത്തിക്കുന്ന സോഫ്റ്റ്‌വെർ ഡെവലപ്മെന്റ് സെൽ ഗൈഡ് ബി. ദിവ്യയാണ് വിദ്യാർഥികൾക്കായി മാർഗനിർദേശങ്ങൾ നൽകിയത്. കംപ്യൂട്ടർ സയൻസ് മേധാവി ഡോ. ജിതു വി. ദേവസ്യ, സോഫ്റ്റ്‌വെർ ഡവലപ്മെന്റ് സെൽ കോ-ഓർഡിനേറ്റർമാരായ എസ്.എസ്. വിദ്യ, അഖില മാത്യു എന്നിവരുടെ പിന്തുണയും പുതിയ ഉപകരണത്തിന്റെ നിർമാണത്തിനു പിന്നിലുണ്ട്.

കോളജ് ബർസാർ ഫാ. ലാസർ വരമ്പകത്താണ് പദ്ധതിക്കാവശ്യമായ ധനസഹായം ലഭ്യമാക്കിയത്. സമൂഹത്തിന് ഉപകാരപ്രദമായ ഈ ഉപകരണം വികസിപ്പിച്ചെടുത്ത വിദ്യാർഥികളെയും ഇതിനായി സഹായം ചെയ്തുനൽകിയവരെയും കോളജ് മാനേജർ ഫാ. ജയിംസ് ചെള്ളങ്കോട്ട്, പ്രിൻസിപ്പൽ ഡോ. ബെന്നി ജോസഫ് എന്നിവർ അനുമോദിച്ചു. ഈ ഉപകരണത്തെക്കുറിച്ചും വിശദവിവരങ്ങൾക്കും കോളജുമായി ബന്ധപ്പെടാം. ഫോൺ: 9496709490.

ദീപിക Thu, 01 April 2021
https://epaper.deepika.com/c/59481540

Signature Not Verified

Principal.VJEC